കേരള നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 9, തിങ്കൾ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 37

നിയമസഭ 1979 ഏപ്രിൽ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽകൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വാട്ടർ ബോർഡ്

*734. [863] ശ്രീ. എം. വി. രാജൻ:

,, തെന്നല ബാലകൃഷ്ണപിള്ള:

,, പി. ആർ. കുറുപ്പ്:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ഡോ: കെ. ജി. അടിയോടി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വാട്ടർബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ എത്രത്തോളമായി?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: വാട്ടർ ബോർഡ് രൂപീകരിച്ചാലേ പണം തരാൻ നിവൃത്തിയുള്ളുവെന്ന് ഗവൺമെന്റിൽനിന്ന് അറിയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മൂന്നുകൊല്ലങ്ങൾക്കു മുമ്പാണ്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: ഇത്രയും നാൾ ഇത് രൂപീകരിക്കാൻ താമസമുണ്ടായതിന് പ്രത്യേകകാരണം വല്ലതുമുണ്ടായെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏതുവിധത്തിലുള്ള വാട്ടർ ബോർഡാണ് വേണ്ടത്; തമിഴ്നാട്ടിലെമാതിരി വേണമോ, ഇലക്ട്രിസിറ്റി ബോർഡിന്റെ മാതിരി വേണമോയെന്ന് പഠിക്കാൻ വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ പഠനത്തിന് താമസം വന്നു.

ശ്രീ. പി. ആർ. കുറുപ്പ്: വാട്ടർ ബോർഡ് രൂപീകരിക്കുകയെന്ന നയം അംഗീകരിക്കുന്നതിനും അതിനുള്ള പ്രാഥമിക പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ഗവൺമെന്റിനെ പ്രേരിപ്പിച്ച വസ്തുതകൾ എന്താണ്; അതിന്റെ പശ്ചാത്തലം വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർ ബോർഡ് രൂപീകരിച്ചാൽ മാത്രമേ എൽ. ഐ. സി. യിൽനിന്നും പണം കിട്ടുകയുള്ളൂവെന്ന് അറിയിച്ചതുകൊണ്ട് വാട്ടർ ബോർഡ് രൂപീകരിക്കണമെന്ന് ഗവൺമെന്റ് നയപരമായി തീരുമാനിച്ചു. പക്ഷേ ഏതുവിധത്തിലുള്ള വാട്ടർ ബോർഡാണ് രൂപീകരിക്കുക, വാട്ടർ ബോർഡ് രൂപീകരിച്ചതിനുശേഷം വിതരണം എങ്ങനെ നടത്തണം, മെയിന്റനൻസ് ആരാണ് നടത്തേണ്ടത്, മുനിസിപ്പാലിറ്റി നടത്തണമോ, പണം എങ്ങനെ തിരിച്ചുകൊടുക്കാൻ കഴിയും എന്നിങ്ങനെയുള്ള പല കാര്യങ്ങളെ സംബന്ധിച്ചും ആലോചിച്ച് തീരുമാനമെടുക്കാൻ താമസിച്ചുപോയതാണ്.

ശ്രീ. പി. ആർ. കുറുപ്പ്: വാട്ടർബോർഡ് രൂപീകരിച്ചുകഴിഞ്ഞതിനുശേഷവും ഇന്നും തുടർന്നുപോകുന്നതുപോലെ എൽ. ഐ. സി. യിൽ നിന്നുള്ള സാമ്പത്തിക സഹായം മാത്രമാണോ ഗവൺമെന്റ് ഈ പദ്ധതിക്ക് പ്രതീക്ഷിക്കുന്നത്, മറ്റ് വല്ലതെങ്കിലും മാർഗ്ഗം പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എൽ. ഐ. സി. യിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനുപുറമെ ഇപ്പോഴും ഉള്ള സാമ്പത്തിക സഹായത്തിനൊന്നും കുറവുണ്ടാകുമെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: വാട്ടർബോർഡ് രൂപീകരിക്കാത്തതുകൊണ്ട് എൽ. ഐ. സി. യിൽ നിന്നുള്ള സാമ്പത്തികസഹായത്തിന് എന്തെങ്കിലും തകരാറ് സംഭവിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർ ബോർഡ് രൂപീകരിക്കാത്തതുകൊണ്ട് അതിനുശേഷം എൽ. ഐ. സി. യിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: വാട്ടർബോർഡ് രൂപീകരിക്കുന്നതിന് മുമ്പായി തന്നെ ഒരു പ്രദേശത്ത് ജലവിതരണ പദ്ധതി നടപ്പാക്കാൻ എവിടെയാണ് തെരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടി ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തുന്നതുപോലെ ബന്ധപ്പെട്ട എം. എൽ. എ. മാരെ വിളിച്ചുകൂട്ടി കോൺഫറൻസ് നടത്താൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർ ബോർഡ് രൂപീകരിച്ചു കഴിഞ്ഞിട്ടില്ല. രൂപീകരിച്ചുകഴിഞ്ഞതിനുശേഷം ചെയ്യേണ്ട കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വാട്ടർബോർഡ് ഏതുവിധത്തിലാണ് രൂപീകരിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് വിദഗ്ധൻമാരുടെ അഭിപ്രായം ആരായുകയാണെന്ന് പറഞ്ഞു. വിദഗ്ദ്ധൻമാരുടെ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ? അതിന്റെ റിപ്പോർട്ട് എന്ന് കിട്ടുമെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പല അവസരങ്ങളിലായിട്ട് വിദഗ്ദ്ധാഭിപ്രായം ഗവൺമെൻറ് പരിഗണിച്ചിട്ടുണ്ട്. പബ്ലിക് ഹെൽത്ത് ചീഫ് എൻജിനീയർ, ലോക്കൽ അഡ്മിനിസ്ട്രേഷൻ സ്പെഷ്യൽ സെക്രട്ടറി കുര്യാക്കോസ് എന്നിവർ അടങ്ങിയ കമ്മിറ്റിയെ അവസാനമായി ക്യാബിനറ്റ് സബ് കമ്മിറ്റി നിശ്ചയിക്കുകയും അവർ അതേക്കുറിച്ച് ആലോചിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ നിർദ്ദേശമാണ് ഇപ്പോഴും ഗവൺമെൻറ് പരിഗണിച്ചുവരുന്നത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മൂന്നു കൊല്ലമായി വാട്ടർബോർഡ് രൂപീകരിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാൻ തുടങ്ങിയിട്ട്, പല കമ്മിറ്റികളേയും നിശ്ചയിച്ചു. അവസാനം സ്പെഷ്യൽ സെക്രട്ടറിയെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്മിറ്റിയെ നിശ്ചയിച്ചുവെന്ന് പറഞ്ഞു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് എപ്പോൾ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; റിപ്പോർട്ട് കിട്ടിയാൽ എത്രയും വേഗത്തിൽ വാട്ടർബോർഡ് രൂപീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: റിപ്പോർട്ട് കിട്ടിയിട്ടില്ല. അത് പരിഗണനയിലിരിക്കുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: വാട്ടർബോർഡ് രൂപീകരിക്കാത്തതിന്റെ ഫലമായിട്ട് എൽ. ഐ. സി. യിൽനിന്ന് ഇപ്പോഴും പണം കിട്ടുന്നില്ലെന്നു പറഞ്ഞു. അങ്ങനെ പണം കിട്ടാത്തതിന്റെ ഫലമായിട്ട് നമ്മെ ആരംഭിക്കാൻ ഉദ്ദേശിച്ച ഏതെങ്കിലും രംഗത്തെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ മറ്റ് സാമ്പത്തികസഹായം സ്വീകരിച്ചുകൊണ്ട് പൂർത്തിയാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മറ്റ് പല സാമ്പത്തിക സഹായവും കിട്ടുന്നുണ്ട്. ഇൻഡ്യാ ഗവൺമെൻറിന്റെ പദ്ധതിയെ സംബന്ധിച്ച് ഇന്ന് വേറൊരു ചോദ്യമുണ്ട്. വാട്ടർബോർഡ് രൂപീകരിക്കാത്തതുകൊണ്ട് എൽ. ഐ. സി. യിൽ നിന്നുള്ള പണം കുറേക്കാലമായി കിട്ടുന്നില്ല.

ശ്രീ. കെ. സി. വാമദേവൻ: വാട്ടർബോർഡ് രൂപീകരിക്കുന്ന കാര്യത്തിൽ ഗവൺമെൻറും പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിന്റെ ഉദ്യോഗസ്ഥൻമാരുമായി അഭിപ്രായഭിന്നത ഉണ്ടോ? ഇത്

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ സമർപ്പിച്ചിട്ടുണ്ടോ; അത് പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ട്. പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ പറയുന്നത് അവർക്കുമാത്രമായി വാട്ടർബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള ഉത്തരവാദിത്വം വിട്ടുകൊടുക്കുകയും ഇലക്ട്രിസിറ്റി ബോർഡിനെ മാതൃകയിൽ ഒരു ബോർഡ് രൂപീകരിക്കുകയും ചെയ്യണമെന്നാണ്. മറ്റൊരു നിർദ്ദേശം മദിരാശിയിൽ ഉണ്ടാക്കിയതുപോലുള്ള ജലവിതരണ ബോർഡ് രൂപീകരിക്കണമെന്നാണ്. ഈ രണ്ടു നിർദ്ദേശവും കൈക്കൊള്ളുന്നതിനെകുറിച്ച് . .ആലോചിക്കാനാണ് സ്പെഷ്യൽ സെക്രട്ടറിയെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കമ്മിറ്റി രൂപീകരിച്ചത്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ശുദ്ധജല വിതരണപദ്ധതിയുടെ അംഗീകാരത്തിനുവേണ്ടി ഉപദേശക ബോർഡുണ്ടോ? ആ ബോർഡ് ശരിയായി യോഗം ചേരാത്തതിൻറെ ഫലമായി പല പദ്ധതികളും അംഗീകാരം ലഭിക്കാതെയിരിക്കുന്നുവെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അംഗീകാരം ലഭിക്കാത്ത ചില പദ്ധതികൾ ഉണ്ട്. അംഗീകാരം ലഭിച്ച പദ്ധതി പണം ലഭിക്കാത്തതുകൊണ്ട് തുടങ്ങാതിരിക്കുന്നുണ്ട്. ഇതെല്ലാം വാട്ടർ ബോർഡിൻറെ രൂപീകരണത്തോടുകൂടി നടപ്പിലാകുന്നതാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ദാഹജലം കിട്ടാതെ ഗ്രാമീണ ജനത വിഷമിക്കുമ്പോൾ ബോർഡുണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കാൻ മൂന്നുവർഷമെടുത്തത് ഈ ഗവൺമെൻറിൻറെ കുറ്റകരമായ അനാസ്ഥയല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കുറ്റകരമായ അനാസ്ഥയല്ല. ചില കാര്യങ്ങൾ ചെയ്യുമ്പോൾ തീരുമാനമെടുക്കുന്നതിന് താമസിക്കും, ഏത് രീതിയിലുള്ള ബോർഡാണെന്ന് തീരുമാനിക്കുന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. മൂന്നു കൊല്ലം അധികസമയമാണെന്ന് ഗവൺമെൻറ് കരുതുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: അഞ്ചാമത്തെ പ്രാവശ്യമാണ് വാട്ടർ ബോർഡിൻറെ പ്രശ്നം വന്നത്. വാട്ടർ ബോർഡ് രൂപീകരിക്കുന്നതിൽ വല്ല പുരോഗതിയും ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുരോഗതി ഉണ്ടായിട്ടുണ്ട്. ക്യാബിനറ്റിൻറെ മുമ്പിൽ അതുസംബന്ധിച്ച കടലാസ് എത്തിക്കഴിഞ്ഞിട്ടുണ്ട്. അഞ്ചാമത്തെ പ്രാവശ്യം ചോദ്യോത്തരവിഷയമായതിൽ ഞാൻ ഉത്തരവാദിയല്ല.

ശ്രീ. ഇ. അഹമ്മദ്: മദിരാശിയിൽ ഇപ്പോൾ നിലവിലുള്ള വാട്ടർ ബോർഡ് വളരെ വിജയപ്രദമായി നടക്കുന്നു എന്നുള്ളതുപരിഗണിച്ചുകൊണ്ട് കേരളത്തിലും ആ വിധത്തിലുള്ള ബോർഡ് രൂപീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതാണ് നല്ലതെന്നും ഇലക്ട്രിസിറ്റി ബോർഡിന്റെ രൂപത്തിൽ വന്നാൽ അത് ജനങ്ങൾക്ക് താങ്ങാനാകാത്ത ഭാരമാകുമെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ രണ്ട് അഭിപ്രായവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഇനി എത്രകാലം വേണം ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇനി കൊല്ലങ്ങൾ വേണ്ടിവരില്ല.

ശ്രീ. പി. ബാലൻ: മൂന്നുകൊല്ലം സമയമെടുത്തുവെന്ന് പറഞ്ഞു, മദ്ധിരാശിയിലെ മാതിരി വേണമോ കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിലെ മാതിരി വേണമോ എന്ന് ആലോചിക്കാൻ. ഇതെപ്പറ്റി തീരുമാനമെടുക്കുന്നതിന് ഇനി എത്രകാലം വേണ്ടിവരും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏത് വേണമെന്നാണ് തീരുമാനിക്കേണ്ടത്. അത് ആലോചിക്കാതെ തീരുമാനിക്കാനൊക്കുകയില്ല. ഏതാനും ആഴ്ചകൾക്കകം തീരുമാനമാക്കും.

ഫിഷറീസ് കോർപ്പറേഷൻ

* 795 [864] ശ്രീ. കെ. പി. നൂറുദ്ദീൻ:
,, സി. പി. ഗോവിന്ദൻ നമ്പ്യാർ:
,, കെ. പി. വിശ്വനാഥൻ:
,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് കോർപ്പറേഷന് ഇതുവരെയും ലാഭമോ/നഷ്ടമോ എത്ര;

(ബി) നഷ്ടമാണെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഈ സ്ഥാപനം ലാഭകരമായി നടത്താൻ എന്തെല്ലാം പദ്ധതികൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) 31-3-1978 വരെ മൊത്തം 564.86 ലക്ഷം രൂപ നഷ്ടം.

(ബി) ലാഭകരമല്ലാത്തവിധത്തിൽ പ്രവർത്തിച്ചിരുന്ന 5 ബോട്ട് ബിൽഡിംഗ് യാഡുകളും 7 ഐസ് പ്ലാന്റുകളും മൂലവും ഫീസിംഗ് പ്ലാന്റ് സിന്റെ ആവശ്യത്തിന് പ്രവർത്തന മൂലധനം ലഭ്യമല്ലാതിരുന്നതും കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന ട്രോളറുകൾക്ക് ലാഭകരമായ തോതിൽ മൽസ്യം ലഭിക്കാതിരുന്നതും ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനത്തിന് കുറഞ്ഞ വിലയ്ക്ക് ചെറിയ മൽസ്യങ്ങൾ ലഭ്യമല്ലാതിരുന്നതുമാണ് നഷ്ടത്തിനുള്ള മുഖ്യകാരണങ്ങൾ.

(സി) കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ ഘടകങ്ങളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുഴ്സീൻ മൽസ്യബന്ധനപദ്ധതി, ക്യാൻ ചെയ്ത മൽസ്യ

LIBRARY ARCHIVES Kerala Legislative Assembly